**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3790** **27-10-2021 - ൽ മറുപടിയ്ക്ക്**

**അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് പരിഗണന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഐ.ടി.ഐ. (എൻ.സി.വി.ടി), കെ.ജി.സി.ഇ., വി.എച്ച്.എസ്.ഇ. എന്നിവ അടിസ്ഥാന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ ഡിപ്ലോമ, ബി.ടെക്, എം.ടെക് തുടങ്ങിയ യോഗ്യതയുള്ളവർ അപേക്ഷിച്ച് റാങ്ക് പട്ടികയിൽ ഉയർന്ന സ്ഥാനം നേടുന്നത് കാരണം അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അടിസ്ഥാന യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള സിലബസ് പ്രകാരമാണ് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അതിനാൽ അടിസ്ഥാന യോഗ്യത മാത്രമുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഇല്ല. |
| (ബി) | കേന്ദ്ര സർക്കാർ സർവീസുകളിൽ അടിസ്ഥാന യോഗ്യത ആവശ്യമുള്ള തസ്തികകളിൽ ആ യോഗ്യത മാത്രം ഉള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ സംസ്ഥാന സർക്കാർ സർവീസുകളിൽ ഉയർന്ന യോഗ്യതയുള്ളവരെയും പരിഗണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | സ്പെഷ്യൽ റൂൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം ഒരേ തസ്തികയിലെ നിയമനം അടിസ്ഥാനയോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിൽ KS&SSR PART II RULE 10 (a) (ii) പ്രകാരമുള്ള ഉന്നത യോഗ്യതയുള്ളവരെയും ചട്ടപ്രകാരം പരിഗണിക്കേണ്ടതുണ്ട്. |
| (സി) | ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് താഴ്ന്ന തസ്തികകളും ഉയർന്ന തസ്തികകളും ഒരുപോലെ പ്രാപ്യമാകുന്നത് മൂലം അടിസ്ഥാന യോഗ്യത മാത്രമുള്ളവർക്ക് അവസരം നഷ്ടമാകുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ഐ.ടി.ഐ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഐ.ടി.ഐ നിലവാരത്തിലുള്ള സിലബസ് പ്രകാരമുള്ള പരീക്ഷകൾ നടത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയതിനാൽ ഐ.ടി.ഐ യോഗ്യതയുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. |
| (ഡി) | ഐ.ടി.ഐ. (എൻ.സി.വി.ടി.), കെ.ജി.സി.ഇ. , വി.എച്ച്.എസ്.ഇ. എന്നീ യോഗ്യതകൾ മാത്രമുള്ളവർക്ക് താഴ്ന്ന ടെക്നിക്കൽ തസ്തികകളിൽ മാത്രമേ നിയമന സാധ്യതയുള്ളൂ എന്നതിന്നാലും ഏക പ്രതീക്ഷയായ ആ തസ്തികകൾ പോലും ഉയർന്ന യോഗ്യതയുള്ളവർ കരസ്ഥമാക്കുന്ന സാഹചര്യത്തിലും ഈ യോഗ്യതകൾ മാത്രം ഉള്ളവർക്ക് സ്വാഭാവിക നീതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഐ.ടി.ഐ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഐ.ടി.ഐ നിലവാരത്തിലുള്ള സിലബസ് പ്രകാരമുള്ള പരീക്ഷകൾ നടത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയതിനാൽ ഐ.ടി.ഐ യോഗ്യതയുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ